ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 31.08.2026 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. ന്യൂഡൽഹിയിൽ നടക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുടെ സംയുക്ത ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് പങ്കെടുക്കും.

   President Droupadi Murmu to attend joint convocation ceremony of National Institute of Fashion Technology in New Delhi today.

2. ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ ഇന്ന് ലക്ഷദ്വീപ് സന്ദർശിക്കും . കേന്ദ്ര ഫിഷറീസ് മന്ത്രാലയം ആവിഷ്കരിക്കുന്ന മിഷൻ രംഗീൻ മച്ലി കർമ്മപദ്ധതി ഉപരാഷ്ട്രപതി തുടക്കം കുറിക്കും .

   Vice President C.P. Radhakrishnan to visit Lakshadweep today; set to release Fisheries Ministry's 'Mission Rangeen Machli' initiative.

3. 26-ാമത് ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയിൽ പങ്കെടുക്കാൻ കിർഗിസ്ഥാനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്ക് ഊഷ്മള വരവേൽപ്.

Warm welcome accorded to PM Narendra Modi upon arrival in Kyrgyzstan for 26th Shanghai Cooperation Organisation summit.

4. G-20 ധനമന്ത്രിമാരുടെയും സെൻട്രൽ ബാങ്ക് ഗവർണർമാരുടെയും യോഗത്തിൽ പങ്കെടുക്കുന്നതിന് ധനമന്ത്രി നിർമ്മല സീതാരാമൻ സൗത്ത് കരോലിനയിലെത്തി.

   Finance Minister Nirmala Sitharaman arrives in South Carolina to attend G-20 Finance Ministers and Central Bank Governors meeting.

5. നേപ്പാൾ പ്രളയത്തിൽ മരണം 788 ആയി. 149 ഇന്ത്യൻ പൗരന്മാരെ രക്ഷപ്പെടുത്തിയതായി വിദേശകാര്യ മന്ത്രാലയം.

   Nepal flood death toll rises to 788; 149 Indian nationals successfully rescued so dar, confirms MEA.

6. ഏഷ്യാ കപ്പ് വനിതാ ടി—20 ക്രിക്കറ്റിൽ തായ്‌ലൻഡിനെ 94 റൺസിന് തകർത്ത് ഇന്ത്യ.

   India crush Thailand by 94 runs in Women's T20 Asia Cup.

❁❁❁❁❁❁❁❁❁❁❁❁❁

**PRESIDENT-NIFT**

ന്യൂഡൽഹിയിൽ ഇന്ന് നടക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുടെ സംയുക്ത ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു പങ്കെടുക്കും.

രാജ്യത്തുടനീളമുള്ള 18 NIFT കാമ്പസുകളിൽ നിന്നും ബിരുദം നേടിയ വിദ്യാർത്ഥികൾ ചടങ്ങിന് സാക്ഷ്യം വഹിക്കും.

## VICEPRESIDENT -LAKSHADWEEP (INTRO)

ലക്ഷദ്വീപ് സന്ദർശനത്തിന്റെ ഭാഗമായി ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ ഇന്ന് 10 മണിയോടെ അഗത്തി ദ്വീപിലെത്തും. അഗത്തി സ്കൂൾ സ്റ്റേഡിയത്തിലെ ഔദ്യോഗിക ചടങ്ങിൽ ഉപരാഷ്ട്രപതി പങ്കെടുക്കും. കേന്ദ്രമന്ത്രിമാരായ രാജീവ് രഞ്ജൻ സിംഗ്, എസ്.പി. ഭാഗേൽ എന്നിവർ സംബന്ധിക്കും.

***കൂടുതൽ വിവരങ്ങളുമായി ലക്ഷദ്വീപിൽ നിന്നും ആകാശവാണി പ്രതിനിധി അബ്ദുൾ സലാം.....***

***(വോയിസ്)***

## PM-KYRGYZSTAN

¬26-ാമത് ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയിൽ പങ്കെടുക്കാൻ കിർഗിസ്ഥാനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്ക് ഊഷ്മള വരവേൽപ്പ്. ഉസ്ബെക്കിസ്ഥാൻ സന്ദർശനം പൂർത്തിയാക്കിയാക്കിയാണ് പ്രധാനമന്ത്രി കിർഗിസ്ഥാനിലെത്തിയത്. പ്രസിഡന്റ് സദിർ ജപാരോവിന്റെ

ക്ഷണപ്രകാരമാണ് പ്രധാനമന്ത്രി കിർഗിസ്ഥാൻ സന്ദർശിക്കുന്നത്. ബിഷ്കെക്കിൽ എസ്.സി.ഒ. അംഗരാജ്യങ്ങളിലെ നേതാക്കളുമായി പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ചകൾ നടത്തും. മധ്യേഷ്യൻ സാംസ്കാരിക പാരമ്പര്യം വിളിച്ചോതുന്ന ആറാമത് 'വേൾഡ് നൊമാഡ് ഗെയിംസിന്റെ' ഉദ്ഘാടന ചടങ്ങിലും പ്രധാനമന്ത്രി പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## PM UZBEKISTAN (INTRO)

ഇന്ത്യ-ഉസ്ബെക്കിസ്ഥാൻ ബന്ധം സമഗ്ര തന്ത്രപ്രധാന പങ്കാളിത്തം എന്ന തലത്തിലേക്ക് ഉയർത്താൻ ധാരണയായി. പ്രധാനമന്ത്രി നരേന്ദ്ര മോദി ഉസ്ബെക്കിസ്ഥാൻ പ്രസിഡൻറ് ഷവ്കത് മിർസിയോയേവുമായി നടത്തിയ ചർച്ചയിലാണ് തീരുമാനം. യുറേനിയം വിതരണത്തിനായി ഇരുരാജ്യങ്ങളും തമ്മിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള ഒരു കരാർ രൂപപ്പെടുത്തിയതായും പ്രധാനമന്ത്രി അറിയിച്ചു. സന്ദർശനവേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഉസ്ബെക്കിസ്ഥാൻറെ പരമോന്നത ബഹുമതിയായ 'ഓർഡർ ഓഫ് ഒലിയ് ദരാജലി ദസ്റ്റ്ലിക്' സമ്മാനിച്ചു. 11 കരാറുകളിലും ഇരു രാജ്യങ്ങളും ഒപ്പു വെച്ചു. **വിശദാംശങ്ങളിലേക്ക്.........**

**(ഹോൾഡ് വോയ്സ്.........)**

❁❁❁❁❁❁❁❁❁❁❁❁❁

## PM UZBEKISTAN (VOICE)

2026-30 വർഷത്തേക്കുള്ള ഇന്ത്യാ- ഉസ്ബെക്കിസ്ഥാൻ സാംസ്കാരിക വിനിമയ പരിപാടി, ഫയാസ് ടെപെ, കരാ ടെപെ എന്നീ പുരാതന ബുദ്ധമത കേന്ദ്രങ്ങളുടെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനുമായുള്ള ധാരണാ പത്രം, പുരാരേഖാ പ്രവർത്തന മേഖലയിലെ സഹകരണത്തിനുള്ള ധാരണാപത്രം, ആയുർവേദത്തിലും മറ്റ് പരമ്പരാഗത വൈദ്യശാസ്ത്ര രീതികളിലുമുള്ള സഹകരണം എന്നിവയിൽ ഇരു രാജ്യങ്ങളും ഒപ്പുവയ്ച്ചു. നിർണായക ഖനികൾ, വിനോദസഞ്ചാരം, പരിസ്ഥിതി , പ്രതിരോധം എന്നിവയ്ക്ക് പുറമേ സാമ്പത്തിക-ധനകാര്യ ചർച്ചകൾക്കായി ഇന്ത്യ - ഉസ്ബെക്കിസ്ഥാൻ ധനകാര്യ മന്ത്രാലയങ്ങൾ തമ്മിലുള്ള ധാരണാപത്രവും ഇതിൽ ഉൾപ്പെടുന്നു. മധ്യേഷ്യൻ രാജ്യത്ത് ഹിന്ദി ഭാഷ പ്രചരിപ്പിക്കുന്നതിനായി ഉസ്ബെക്ക് വിദ്യാർത്ഥികൾക്ക് 100 ലാൽ ബഹാദൂർ ശാസ്ത്രി സ്കോളർഷിപ്പുകൾ, താഷ്കന്റ് സ്റ്റേറ്റ് യൂണിവേഴ്സിറ്റി ഓഫ് ഓറിയന്റൽ സ്റ്റഡീസിൽ ഒരു സംസ്കൃത ചെയർ സ്ഥാപിക്കൽ,ആറൽ കടൽ മേഖലയിലെ വനവൽക്കരണം, UPI ഡിജിറ്റൽ പണമിടപാട് ലളിതമാക്കുക എന്നിവയും പ്രധാന പ്രഖ്യാപനങ്ങളാണ്.

***ന്യൂസ് ഡെസ്ക് ആകാശവാണി***

## SITHARAMAN-SOUTH CAROLINA

കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഔദ്യോഗിക സന്ദർശനത്തിനായി അമേരിക്കയിലെ സൗത്ത് കരോലിനയിൽ എത്തി. ഇന്നും നാളെയും ആഷെവില്ലിൽ നടക്കുന്ന ജി–20 യോഗങ്ങളിലും അനുബന്ധ ചർച്ചകളിലും കേന്ദ്രമന്ത്രി പങ്കെടുക്കും. ഷിക്കാഗോയിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ ഓഫീസിൽ സംഘടിപ്പിച്ച ചടങ്ങിൽ ഇന്ത്യൻ പ്രവാസി സമൂഹത്തെ ധനമന്ത്രി അഭിസംബോധന ചെയ്യു. ഷിക്കാഗോ സന്ദർശനത്തിനിടെ പ്രമുഖ അമേരിക്കൻ വ്യവസായികളുമായി ശ്രീമതി സീതാരാമൻ ചർച്ച നടത്തി.

## NEPAL FLOOD

നേപ്പാൾ പ്രളയത്തിൽ മരണം 788 ആയി. 2,500-ഓളം പേരെ കണ്ടെത്താനുണ്ട്. ഇവർക്കായി തിരച്ചിൽ തുടരുകയാണ്. കുടുങ്ങിക്കിടക്കുന്നവർക്കായി രക്ഷാപ്രവർത്തനവും പുരോഗമിക്കുന്നു. ദുരന്തബാധിത മേഖലയിൽ നിന്ന് 8,200-ഓളം പേരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി. അതേസമയം ദുരന്തത്തെത്തുടർന്ന് നേപ്പാളിൽ നിന്ന് ഇതുവരെ 149 ഇന്ത്യൻ പൗരന്മാരെ രക്ഷപ്പെടുത്തിയതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു. നിലവിൽ 275 ഇന്ത്യൻ പൗരന്മാരെ കാണാതായതായും, ഇന്ത്യൻ വംശജരായ 128 ഓളം പേരെക്കൂടി കണ്ടെത്താനുണ്ടെന്നും വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

## INDIAN ASSISTANCE TO NEPAL

പ്രളയബാധിത നേപ്പാളിന് സഹായഹസ്തവുമായി ഇന്ത്യ. 11 ടൺ ദുരിതാശ്വാസ സാമഗ്രികളുമായി ഇന്ത്യയിൽ നിന്നുള്ള നാലാമത്തെ വിമാനം നേപ്പാളിലെത്തി. ഇതുവരെ 68.5 ടൺ ദുരിതാശ്വാസ സാമഗ്രികളാണ് നേപ്പാളിന് കൈമാറിയത്. രക്ഷാപ്രവർത്തനങ്ങൾക്ക് സാങ്കേതിക സംഘങ്ങളെയും ഫോറൻസിക് വിദഗ്ധരെയും ഉപകരണങ്ങളും അയച്ചതായും ഇന്ത്യൻ എംബസി അറിയിച്ചു. 230 അടി നീളമുള്ള മോഡുലാർ സ്റ്റീൽ പാലം സ്ഥാപിക്കുന്നതിനുള്ള ഉപകരണങ്ങളുമായി 16 ട്രക്കുകളും നേപ്പാളിലെത്തിയതായി കാഠ്മണ്ഡുവിലെ ഇന്ത്യൻ എംബസി അറിയിച്ചു.

## WHO ASSISTANCE TO NEPAL

പ്രളയക്കെടുതി അനുഭവിക്കുന്ന നേപ്പാളിന് ഒരു ലക്ഷത്തി 50,000 യുഎസ് ഡോളറിൻറെ അടിയന്തര സഹായവുമായി ലോകാരോഗ്യ സംഘടന. അവശ്യ സേവനങ്ങൾ തടസ്സമില്ലാതെ ലഭ്യമാക്കുക, ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ഉയർന്നുവരുന്ന ആരോഗ്യ ഭീഷണികൾ കണ്ടെത്തി പരിഹരിക്കുക എന്നിവക്കാണ് ഊന്നൽ നൽകുന്നത്. രക്ഷാപ്രവർത്തനങ്ങളിലും തുടർനടപടികളിലും നേപ്പാളിനെ സഹായിക്കാൻ പ്രതിജ്ഞാബദ്ധമാണെന്ന് ലോകാരോഗ്യ സംഘടന അറിയിച്ചു.

## US-IRAN-HORMUZ

ഹോർമുസ് കടലിടുക്കിൽ ഇറാന്റെ റോക്കറ്റ് ലോഞ്ചറുകൾക്ക് നേരെ ശക്തമായ ആക്രമണം നടത്തി യുഎസ് സൈന്യം. വ്യോമാക്രമണത്തിൽ നിരവധി സൈനികരും സാധാരണക്കാരും കൊല്ലപ്പെട്ടതായി ഇറാന്റെ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സ് സ്ഥിരീകരിച്ചു. ആക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചവർക്ക് കടുത്ത ശിക്ഷ നൽകുമെന്നും, ശക്തമായി തിരിച്ചടിക്കുമെന്നും ഇറാൻ മുന്നറിയിപ്പ് നൽകി. ഇന്നലെ ഹോർമുസ് കടലിടുക്കിലൂടെ കടന്നുപോവുകയായിരുന്ന ഒരു എണ്ണക്കപ്പലിന് നേരെ ആക്രമണം ഉണ്ടായതായി യുകെ മാരിടൈം ട്രേഡ് ഓപ്പറേഷൻസ് ഏജൻസി അറിയിച്ചു.

## ONAM

തിരുവനന്തപുരത്ത് ഓണം വാരാഘോഷം സമാപന സമ്മേളന ഘോഷയാത്രയിൽ പങ്കെടുത്ത ഫ്ലോട്ടുകളുടെയും കലാരൂപങ്ങളുടെയും വിജയികളെ പ്രഖ്യാപിച്ചു . സംസ്ഥാന സർക്കാർ വിഭാഗത്തിൽ വനം വകുപ്പിന്റെ ഫ്ളോട്ട് ഒന്നാം സ്ഥാനം കരസ്ഥമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മത്സരത്തിൽ തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷൻ ഒന്നാമതെത്തി. സർക്കാർ ഇതര, പൊതുമേഖലാ സ്ഥാപനങ്ങളിൽ ലൈഫ് സ്റ്റോക്ക് ഡവലപ്മെൻ്റ് ബോർഡിനാണ് ഒന്നാം സ്ഥാനം. കേന്ദ്ര ഗവണ്മെൻറ്

സ്ഥാപനങ്ങളിൽ ISRO ഒന്നാം സ്ഥാനവും ദക്ഷിണ റെയിൽവേ രണ്ടാം സ്ഥാനവും നേടി .

❁❁❁❁❁❁❁❁❁❁❁❁❁

## WOMENS CRICKET

ഏഷ്യാ കപ്പ് വനിതാ ടി–20 ക്രിക്കറ്റിൽ തായ്‌ലൻഡിനെ 94 റൺസിന് തകർത്ത് ഇന്ത്യക്ക് വിജയത്തുടക്കം. ദുബായിൽ ഇന്നലെ രാത്രി നടന്ന മത്സരത്തിൽ ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിന് ഇറങ്ങിയ ഇന്ത്യ 9 വിക്കറ്റ് നഷ്ടത്തിൽ 159 റൺസെടുത്തു. മറുപടി ബാറ്റിങ്ങിൽ തായ്‌ലൻഡ് 65 റൺസിന് പുറത്തായി. 64 റൺസ് നേടി ഇന്ത്യക്ക് മികച്ച തുടക്കം സമ്മാനിച്ച ഓപ്പണർ ഷെഫാലി വർമ്മയാണ് കളിയിലെ താരം.

ഏഷ്യാ കപ്പ് ഗ്രൂപ്പ് ബി മത്സരത്തിൽ ഇന്ന് ബംഗ്ലാദേശ് ഇന്തോനേഷ്യയെ നേരിടും.

❁❁❁❁❁❁❁❁❁❁❁❁❁

## HOCKEY – WORLD CUP

എഫ്ഐഎച്ച് ലോകകപ്പ് ഹോക്കി കിരീടം ജർമനിക്ക്. ഫൈനലിൽ ഏകപക്ഷീയമായ ഒരു ഗോളിന് സ്പെയിനിനെ പരാജയപ്പെടുത്തിയ ജർമ്മനി, തുടർച്ചയായി ഹോക്കി ലോകകപ്പ് നേടുന്ന ആദ്യ ടീമെന്ന ചരിത്രനേട്ടം സ്വന്തമാക്കി. ജർമ്മനിയുടെ നാലാമത്തെ ലോകകപ്പ് കിരീടമാണിത്. നെതർലൻഡ്സിനെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തി അർജന്റീന വെങ്കല മെഡൽ സ്വന്തമാക്കി.

## FOOTBALL-AFC U20 ASIAN CUP

ഏഷ്യൻ കപ്പ് ഫുട്ബോൾ യോഗ്യതാ റൗണ്ടിലെ ആദ്യ മത്സരത്തിൽ ഇന്ത്യ ഇന്ന് സിറിയയെ നേരിടും. ഉസ്ബെക്കിസ്ഥാനും, ബംഗ്ലാദേശിനുമൊപ്പം ഗ്രൂപ്പ് ബിയിലാണ് ഇന്ത്യ. 2006-ന് ശേഷം ആദ്യമായി ഏഷ്യൻ കപ്പ് യോഗ്യത നേടുക എന്ന ലക്ഷ്യത്തോടെയാണ് ഇന്ത്യൻ യുവനിര ഇറങ്ങുന്നത്.

## FACT CHECK

പ്രധാൻ മന്ത്രി മുദ്ര യോജന പ്രകാരം വളരെ കുറഞ്ഞ പലിശ നിരക്കിൽ വായ്പ അനുവദിച്ചതായി ഓൺലൈനിൽ പ്രചരിക്കുന്ന കത്ത് വ്യാജമെന്ന് കേന്ദ്രസർക്കാർ. ഇത്തരം സന്ദേശങ്ങളിൽ തെറ്റിദ്ധരിക്കപ്പെടരുതെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ വിഭാഗം അറിയിച്ചു.